**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1651** **20-06-2024 - ൽ മറുപടിയ്ക്ക്**

**പി.എം കിസാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പി.എം. കിസാൻ പദ്ധതിയിൽ അംഗങ്ങൾ ആയിട്ടുള്ള മുഴുവൻ ഗുണഭോക്താക്കളുടേയും പേരും മേൽവിലാസവും കൃഷിഭവൻ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (എ) | പി. എം. കിസാൻ സമ്മാൻ പദ്ധതി നൂറു ശതമാനവും കേന്ദ്ര ഗവൺമെന്റ് ഫണ്ട് വിനിയോഗിച്ച് നടത്തുന്ന പദ്ധതിയാണ്. പദ്ധതിയുടെ മുഴുവൻ പ്രവർത്തനങ്ങളും പി. എം. കിസാൻ **(www.pmkisan.gov.in)** എന്ന ഓൺലൈൻ പോർട്ടൽ വഴിയാണ് നടത്തുന്നത്. ഈ പോർട്ടൽ മുഴുവൻ നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരും ഈ പദ്ധതിക്കായി നിയോഗിച്ചിട്ടുള്ള സെൻട്രൽ പി. എം.യുവും ആണ്.<br><br>കേരളത്തിൽ ഈ പോർട്ടലിൽ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്ത് പി.എം. കിസാൻ ഗുണഭോക്താക്കളായിട്ടുള്ളവരുടെ എണ്ണം **37,65,937** ആണ്. കേന്ദ്രഗവൺമെന്റ് വർക്ക് ഫ്ളോ പ്രകാരം സംസ്ഥാന തലം, ജില്ലാ തലം, ബ്ലോക്ക് സബ് ഡിസ്ട്രിക്റ്റ് തലങ്ങളിൽ മാത്രമാണ് ഈ പോർട്ടലിന്റെ പ്രവർത്തനങ്ങൾ നിജപ്പെടുത്തിയിട്ടുള്ളത്. പൊതുജനത്തിന് പി.എം. കിസാൻ പോർട്ടലിന്റെ ഹോം പേജിൽ Beneficiary list എന്ന മെനുവിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമാണ്.പൂർണ്ണമായ വിവരങ്ങൾ സെൻട്രൽ ഗവൺമെന്റിന്റെ അനുവാദത്തോടു കൂടി മാത്രമേ സെൻട്രൽ പി. എം. യു -വിൽ നിന്നും ലഭിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ